2026
AUGUST
24
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






# എൽപിജി പൈപ്പ്‌ലൈൻ ശൃംഖലയ്ക്ക് അനുമതി

**ന്യൂദൽഹി:** ഇന്ധനവിതരണം കൂടുതൽ കാര്യക്ഷമമാക്കാനും റോഡ് ഗതാഗതത്തെ ആശ്രയിക്കുന്നത് കുറയ്ക്കാനുമായി 1800 കിലോമീറ്റർ ദൈർഘ്യമുള്ള എൽപിജി പൈപ്പ്‌ലൈൻ പദ്ധതിക്ക് പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (പിഎൻജിആർബി) അനുമതി നൽകി. ഇതോടെ രാജ്യത്തെ പൊതു എൽപിജി പൈപ്പ്‌ലൈൻ ശൃംഖല 25 ശതമാനത്തിലേക്കെത്തും.

തെലുങ്കാന, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, കർണാടക, ഗോവ എന്നീ ആറ് സംസ്ഥാനങ്ങളിലായി മൂന്ന് എൽപിജി പൈപ്പ്‌ലൈൻ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഈ പദ്ധതികൾക്ക് ഏകദേശം 7,000 കോടി രൂപയുടെ മൂലധന നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ വാതക വിതരണ കമ്പനിയായ ഗെയിൽ (ഇന്ത്യ) ലിമിറ്റഡായിരിക്കും ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

ഈ പദ്ധതി പൂർത്തിയാകുന്നതോടെ രാജ്യത്തെ മൊത്തം എൽപിജി പൈപ്പ്‌ലൈൻ ശൃംഖല നിലവിലുള്ള 7,700 കിലോമീറ്ററിൽനിന്ന് ഏകദേശം 9,500 കിലോമീറ്ററിലേക്ക് വർധിക്കും. ഏകദേശം 24 ശതമാനം വളർച്ചയാണുണ്ടാകുക.

അനുമതി ലഭിച്ച പുതിയ മൂന്നു പൈപ്പ്‌ലൈൻ പദ്ധതികൾ: തെലുങ്കാനയിലെ ചെർലാപ്പള്ളിയിൽനിന്ന് മഹാരാഷ്ട്രയിലെ നാഗ്പുരിലേക്കുള്ള 556 കിലോമീറ്റർ, ഉത്തർപ്രദേശിലെ ഝാൻസിയിൽനിന്ന് ഉത്തരാഖണ്ഡിലെ സിതാർഗഞ്ചിലേക്കുള്ള 611 കിലോമീറ്റർ പൈപ്പ്‌ലൈൻ, മഹാരാഷ്ട്രയിലെ ഷിക്രാപുരിൽനിന്ന് ഗോവ, കർണാടകയിലെ ഹൂബ്ലി എന്നിവിടങ്ങളിലേക്കുള്ള 633 കിലോമീറ്റർ പാത എന്നിവ ഉൾപ്പെടുന്നു.

ഇന്ത്യയുടെ എൽപിജി ഇറക്കുമതിയുടെ പ്രധാന പങ്കും തീരദേശ കേന്ദ്രങ്ങൾ വഴിയാണ് എത്തിക്കുന്നത്. തുടർന്നാണ് ഇത് രാജ്യത്തിൻറെ മറ്റ് ഭാഗങ്ങളിലേക്ക് കൊണ്ടുപോകുന്നത്. പൈപ്പ്‌ലൈൻ ശൃംഖല വികസിക്കുന്നതിലൂടെ രാജ്യത്തിൻറെ ഉൾനാടൻ പ്രദേശങ്ങളിലേക്ക് എൽപിജി എത്തിക്കുന്നതിൻറെ കാര്യക്ഷമത മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

രാജ്യത്തെ ഏറ്റവും നീളമേറിയ എൽപിജി പൈപ്പ്‌ലൈനായ 2757 കിലോമീറ്ററിന്റെ കണ്ട്‌ലഗോരഖ്പുർ പദ്ധതിക്ക് നേരത്തെ അനുമതി ലഭിച്ചതിനു പിന്നാലെയാണ് പുതിയ പദ്ധതികൾ വരുന്നത്.

എൽപിജി റോഡ് മാർഗം കൊണ്ടുപോകുന്നതിന് പകരം പൈപ്പ്‌ലൈനുകളിലൂടെ എത്തിക്കുന്ന രീതിയിലേക്ക് മാറ്റുന്നത് വേഗത്തിലാക്കാൻ പുതിയ അടിസ്ഥാന സൗകര്യങ്ങൾ സഹായിക്കുമെന്ന് പിഎൻജിആർബി പറഞ്ഞു. ഇത് എൽപിജി ടാങ്കറുകളുടെ ഗതാഗതം കുറയ്ക്കുകയും, റോഡ് സുരക്ഷ മെച്ചപ്പെടുത്തുകയും ചെയ്യും. കൂടാതെ, ലോജിസ്റ്റിക്സ് ചെലവുകൾ, ഗതാഗതക്കുരുക്ക്, കാർബൺ പുറന്തള്ളൽ എന്നിവ കുറയ്ക്കാനും ഇതു സഹായിക്കും.

ദീർഘദൂരത്തിലേക്ക് എൽപിജി കൊണ്ടുപോകുന്നതിന് പൈപ്പ്‌ലൈൻ ഗതാഗതമാണ് കൂടുതൽ സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗമായി കണക്കാക്കപ്പെടുന്നത്. റോഡിൽനിന്ന് പൈപ്പ്‌ലൈനിലേക്കുള്ള ഈ മാറ്റം, ടാങ്ക് ട്രക്കുകളിൽ അപകടകരമായ ഇന്ധനങ്ങൾ കൊണ്ടുപോകുന്നത് മൂലമുണ്ടാകുന്ന അപകടസാധ്യതകളും കുറയ്ക്കുന്നു.

## എസ്ബിഐ സേവന നിരക്കുകളിൽ മാറ്റം; സൗജന്യ പിൻവലിക്കൽ ഇനി നാലു തവണ മാത്രം




**ന്യൂദൽഹി:** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) തങ്ങളുടെ സേവന നിരക്കുകളിൽ സുപ്രധാന മാറ്റങ്ങൾ വരുത്തുന്നു. ബാങ്കിന്റെ ബേസിക് സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ് (ബിഎസ്ബിഡി) അക്കൗണ്ട് ഉടമകൾക്ക് പ്രതിമാസം സൗജന്യമായി പണം പിൻവലിക്കാനുള്ള പരിധി നാലു തവണയായി നിജപ്പെടുത്തിയിട്ടുണ്ട്.

ഒക്ടോബർ ഒന്നു മുതൽ ഈ പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരും. ഈ നാലു സൗജന്യ പിൻവലിക്കലുകൾക്കു ശേഷം നടത്തുന്ന ഓരോ അധിക ഇടപാടിനും 15 രൂപയും അതിന് അനുബന്ധമായ ജിഎസ്ടി ഫീസും ബാങ്ക് ഈടാക്കും.

മുമ്പ് ആധാർ എനേബിൾഡ് പേയ്മെൻറ് സിസ്റ്റം വഴിയുള്ള പിൻവലിക്കലുകളെ ഈ സൗജന്യ പരിധിയിൽനിന്ന് ഒഴിവാക്കിയിരുന്നു. എന്നാൽ, പുതിയ മാറ്റങ്ങൾ അനുസരിച്ച്, എടിഎമ്മുകൾ, ബാങ്ക് ശാഖകൾ വഴിയുള്ള നേരിട്ടുള്ള പിൻവലിക്കലുകൾ, ആധാർ അധിഷ്ഠിത പണം പിൻവലിക്കലുകൾ എന്നിവയെല്ലാം ഈ നാലു തവണയെന്ന സൗജന്യ പരിധിയിൽ ഉൾപ്പെടും.

ഉദാഹരണത്തിന്, ഒരു ഉപഭോക്താവ് എടിഎം അല്ലെങ്കിൽ ബാങ്ക് ശാഖ വഴി മൂന്നു തവണയും ആധാർ സംവിധാനം വഴി ഒരു തവണയും പണം പിൻവലിച്ചാൽ ആ മാസത്തെ സൗജന്യ പരിധി പൂർത്തിയായി. അതിനുശേഷം നടത്തുന്ന അഞ്ചാമത്തെ പണം പിൻവലിക്കലിന് ബാങ്ക് നിശ്ചയിച്ചിട്ടുള്ള അധിക നിരക്ക് നൽകേണ്ടിവരും.

## യുപിഐ ഇടപാടുകൾക്ക് എംഡിആർ: സർക്കാർ മുന്നോട്ട്

**ന്യൂദൽഹി:** രണ്ടായിരം രൂപയ്ക്കും അതിനു മുകളിലുമുള്ള യുപിഐ ഇടപാടുകൾക്ക് മർച്ചൻറ് ഡിസ്കൗണ്ട് റേറ്റ് (എംഡിആർ) ഏർപ്പെടുത്താനുള്ള നീക്കവുമായി കേന്ദ്രസർക്കാർ മുന്നോട്ട്.

എംഡിആറിൽനിന്നു നിയമപരമായ സംരക്ഷണം ലഭിക്കുന്ന ഇലക്ട്രോണിക് പേയ്മെൻറ് രീതികളുടെ പട്ടിക ഉൾപ്പെടുത്തി ധനകാര്യ സേവന വകുപ്പ് ഉടൻതന്നെ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുമെന്നാണ് സൂചന.

തുടർന്ന് നാഷണൽ പേയ്മെൻറ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ (എൻപിസിഐ) നേതൃത്വത്തിലുള്ള സർവീസസ് സ്റ്റിയറിംഗ് കമ്മിറ്റി ഇതിൻറെ നിരക്കുകളും ഘടനയും നിശ്ചയിക്കും.

അതേസമയം ഈ ഫീസ് സാധാരണ ഉപഭോക്താക്കളെ ബാധിക്കില്ലെന്നും അവർക്ക് ഇടപാടുകൾ തികച്ചും സൗജന്യമായി തുടരുമെന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇതിനോടകം വ്യക്തമാക്കിയിട്ടുണ്ട്.




**കൊച്ചി ടു ഷാർജ**

## സിയാലിൽനിന്ന് ചരക്കുവിമാന സർവീസുമായി ഇൻഡിഗോ

**നെടുമ്പാശേരി:** കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽനിന്ന് ഷാർജയിലേക്ക് ഇൻഡിഗോയുടെ ഷെഡ്യൂൾഡ് ചരക്കുവിമാന സർവീസ് ആരംഭിച്ചു. എയർബസ് എ 321 വിഭാഗത്തിലുള്ള ചരക്കുവിമാനമാണ് കൊച്ചിഷാർജ റൂട്ടിൽ സർവീസ് നടത്തുന്നത്.

നിലവിൽ ആഴ്ചയിൽ ഒരു സർവീസാണ് ഉണ്ടാകുക. തുടർന്ന് സർവീസുകളുടെ എണ്ണം ആഴ്ചയിൽ മൂന്നായി ഉയർത്താനാണു പദ്ധതി.

വാണിജ്യ ചരക്കുകൾക്കും സമയബന്ധിതമായി എത്തിക്കേണ്ട ചരക്കുകൾക്കും പുതിയ സർവീസ് പ്രയോജനപ്പെടും. ഷാർജ വഴി യുഎഇയിലെയും ഗൾഫ് മേഖലയിലെയും മറ്റു വിപണികളിലേക്കും ചരക്കുകൾ എത്തിക്കുന്നതിനു കയറ്റുമതിക്കാർക്ക് കൂടുതൽ സൗകര്യമൊരുങ്ങും.

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കൊച്ചിയെ ഒരു പ്രധാന ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഇത്തരം അന്താരാഷ്ട്ര കാർഗോ കണക്ടിവിറ്റി പിന്തുണ നൽകുമെന്നും കേരളത്തിലെ കയറ്റുമതിക്കാർക്കും വ്യവസായങ്ങൾക്കും ഗൾഫ് വിപണികളിലേക്കു ചരക്കുകൾ എത്തിക്കുന്നതിന് പുതിയ സർവീസ് കൂടുതൽ അവസരമൊരുക്കുമെന്നും സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു.

കയറ്റുമതി, വ്യാപാരലോജിസ്റ്റിക്സ് മേഖലകളുടെ വർധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ച് കാർഗോ അടിസ്ഥാനസൗകര്യങ്ങളും എയർലൈൻ ശൃംഖലയും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സിയാൽ തുടരുകയാണ്.

സർവീസ് ആരംഭിക്കുന്നതിൻറെ ഭാഗമായി നടന്ന ചടങ്ങിൽ സിയാൽ എയർപോർട്ട് ഡയറക്ടർ ജി. മനു, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി ഡാനിയേൽ, സന്തോഷ് ജെ. പൂവാട്ടിൽ, കാർഗോ ഹെഡ് സതീഷ് കുമാർ പൈ, ഇൻഡിഗോ കാർഗോ വൈസ് പ്രസിഡൻറ് വിപിൻ കുമാർ മോഹ്‌ല, ഇൻഡിഗോ അസോസിയേറ്റ് വൈസ് പ്രസിഡൻറ്സെയിൽസ് (വെസ്റ്റ് ആൻഡ് സൗത്ത്) ബിജു ശങ്കർ, ഡയറക്ടർകാർഗോ ഓപ്പറേഷൻസ് (വെസ്റ്റ് ആൻഡ് സൗത്ത്) ജുബിലൻറ് ജോൺസൺ, ഡയറക്ടർ സെയിൽസ് (നോർത്ത് ആൻഡ് ഈസ്റ്റ്) സതീഷ് മിശ്ര എന്നിവർ പങ്കെടുത്തു.




അമൃത വിശ്വവിദ്യാപീഠത്തിന്റെ കീഴിലുള്ള അമൃത കോളേജ് ഓഫ് നഴ്സിങ്, കൊച്ചിയിലെ ബി.എസ്.സി നഴ്സിങ്ങിന്റെ 25ാം ബാച്ചിന്റെയും എം.എസ്.സി നഴ്സിങ്ങിന്റെ 14ാം ബാച്ചിന്റെയും പ്രവേശനച്ചടങ്ങിന്റെ ഉദ്ഘാടനം മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി നിർവഹിക്കുന്നു.

# അമൃത കോളേജ് ഓഫ് നഴ്സിങ്ങിൽ പുതിയ ബാച്ചുകൾക്ക് തുടക്കം

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠത്തിന്റെ കീഴിലുള്ള അമൃത കോളേജ് ഓഫ് നഴ്സിങ്, കൊച്ചിയിലെ ബി.എസ്.സി നഴ്സിങ്ങിന്റെ 25ാം ബാച്ചിന്റെയും എം.എസ്.സി നഴ്സിങ്ങിന്റെ 14ാം ബാച്ചിന്റെയും പ്രവേശനച്ചടങ്ങ് സംഘടിപ്പിച്ചു. അമൃത ആശുപത്രി ബിബ്ലോക്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി.

അമൃത ആശുപത്രി ചീഫ് മെഡിക്കൽ അഡ്മിനിസ്ട്രേറ്ററും എമിരിറ്റസ് പ്രൊഫസറുമായ ഡോ. പ്രതാപൻ നായർ പി. അധ്യക്ഷനായി. അമൃത കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ. ടി. മോളി, നോർത്ത് പറവൂർ ശ്രീ നാരായണ കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. സിംപിൾ രാജഗോപാൽ എന്നിവർ ആശംസകൾ നേർന്നു. അമൃത കോളേജ് ഓഫ് നഴ്സിങ് പ്രൊഫസർ ഡോ. സുനിൽ. എം സ്വാഗതവും ഡോ. അനില. കെ.പി. കൃതജ്ഞതയും ആശംസിച്ചു. ചടങ്ങിൽ വിദ്യാർഥികൾക്ക് പാഠ്യപദ്ധതി വിതരണം ചെയ്തു.

തുടർന്ന് വിദ്യാർഥികളും രക്ഷിതാക്കളുമായി സംവാദവും സംഘടിപ്പിച്ചു. അമൃത കോളേജ് ഓഫ് നഴ്സിങ് അധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും ചടങ്ങിൽ പങ്കെടുത്തു.



ഹിന്ദുസ്ഥാനി അവാംമോർച്ച ദേശീയ ചെയർമാനും, കേന്ദ്ര കാബിനറ്റ് മന്ത്രിയുമായ ജിതൻ റാം മാഞ്ചിക്ക് പാർട്ടി പ്രവർത്തകർ എറണാകുളം ഗസ്റ്റ് ഹൗസിൽ നൽകിയ സ്വീകരണം. പാർട്ടി സംസ്ഥാന ചെയർമാനും മുൻ എം.എൽ.എയുമായ മാത്യു സ്റ്റീഫൻ, ജനറൽ സെക്രട്ടറിമാരായ ബി.ഷെരീഫ് ബാബു, അഡ്വ.രാജു രാജധാനി, എറണാകുളം ജില്ലാ പ്രസിഡന്റ് പി.സൈമൺ വിളപ്പിൽ, ശിശുപാലൻ ഭാസ്കരൻ, മീഡിയ കൺവീനർ ബൈജു തോമസ്, ടി.റോബിൻസൺ, കെ.എം.അനീഷ്, ഡി.ബിജു,എസ് സൈബു തുടങ്ങിയവർ സമീപം.

# കേരളത്തെ രാജ്യത്തെ മികച്ച എം.എസ്.എം.ഇ ഹബ്ബാക്കി മാറ്റും: കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ പിന്തുണയുണ്ടെങ്കിൽ കേരളത്തെ രാജ്യത്തെ ഏറ്റവും മികച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ കേന്ദ്രമാക്കി മാറ്റാൻ സാധിക്കുമെന്ന് കേന്ദ്ര എം.എസ്.എം.ഇ വകുപ്പ് കാബിനറ്റ് മന്ത്രി ജിതൻ റാം മാഞ്ചി. കേരളത്തിലെ വ്യവസായ മേഖലയുടെ ശാക്തീകരണത്തിനായി കേന്ദ്ര സർക്കാരിന്റെ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്ത അദ്ദേഹം, ലക്ഷദ്വീപ് യാത്രയ്ക്കിടെ പാർട്ടി പ്രവർത്തകർ കൊച്ചിയിൽ നൽകിയ സ്വീകരണയോഗത്തിൽ സംസാരിക്കുകയായിരുന്നു. നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിയ മന്ത്രിയെ ഹിന്ദുസ്ഥാനി അവാം മോർച്ച (ഹം) ഭാരവാഹികൾ സ്വീകരിച്ചു. തുടർന്ന് എറണാകുളം ഗസ്റ്റ് ഹൗസിൽ നടന്ന കൂടിക്കാഴ്ചയിൽ സംസ്ഥാനത്തെ എം.എസ്.എം.ഇ സാധ്യതകളെക്കുറിച്ചും കേന്ദ്ര പദ്ധതികളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. രാജ്യപുരോഗതി മുൻനിർത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി വിഭാവനം ചെയ്യുന്ന 'ആത്മനിർഭർ ഭാരത്' ആശയത്തിന്റെ ഭാഗമാകാൻ കൂടുതൽ അഭ്യസ്തവിദ്യരായ യുവാക്കളും സ്ത്രീകളും മുന്നോട്ടുവരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഹം സംസ്ഥാന ചെയർമാനും മുൻ എം.എൽ.എയുമായ മാത്യു സ്റ്റീഫൻ, ജനറൽ സെക്രട്ടറിമാരായ ബി. ഷെരീഫ് ബാബു, അഡ്വ. രാജു രാജധാനി, എറണാകുളം ജില്ലാ പ്രസിഡന്റ് പി. സൈമൺ വിളപ്പിൽ, മീഡിയ കൺവീനർ ബൈജു തോമസ്,അഡ്വ.രാജീവ്, ടി.റോബിൻസൺ, കെ.എം അനീഷ്, ശിശുപാലൻ ഭാസ്കരൻ, ഡി .ബിജു, എസ്.സൈബു, കെ.ഒ.ജോണി തുടങ്ങിയവർ പ്രസംഗിച്ചു.

## എം.ജി സർവകലാശാല

### എം. ജി. യു.വിൽ യു.ജി., പി.ജി., ബി. എഡ്. മൂന്നാം ഫൈനൽ അലോട്മെൻറ്

ബിരുദ, ബിരുദാനന്തര ബിരുദ, ബി.എഡ്. ഏകജാലക അഡ്മിഷനുകളുടെ മൂന്നാം ഫൈനൽ അലോട്മെൻറിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ/ഓപ്ഷൻ രജിസ്ട്രേഷൻ ഓഗസ്റ്റ് 30 വൈകുന്നേരം 4.00 മണി വരെ ലഭ്യമായിരിക്കുന്നതാണ്. ഇതുവരെ അഡ്മിഷൻ നേടാത്തവർക്ക് പങ്കെടുക്കാം.

### അപേക്ഷ ക്ഷണിച്ചു

ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് നടത്തുന്ന പാലിയേറ്റീവ് പരിചരണം, കൗൺസലിങ് ആൻഡ് സൈക്കോതെറാപ്പി എന്നീ ആറുമാസ ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രീഡിഗ്രി/പ്ലസ് ടു ആണ് യോഗ്യത. പ്രായപരിധിയില്ല. ഫോൺ: 8547165178. മറവിരോഗി പരിചരണ/കൗൺസലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്കും അഡ്മിഷൻ നടക്കുന്നു. ഫോൺ: 9447226779. അപേക്ഷിക്കേണ്ട രീതിയും വിശദ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-മെയിൽ iucdsmgu@mgu.ac.in

### അപേക്ഷാ തീയതി നീട്ടി

ജൂലൈ 31 മുതൽ ഓഗസ്റ്റ് 14 വരെയുള്ള തീയതികളിൽ നൽകേണ്ടിയിരുന്ന റീവാല്യുവേഷൻ/സ്ക്രൂട്ടിനി അപേക്ഷകൾ സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് ഓഗസ്റ്റ് 20 മുതൽ സെപ്റ്റംബർ 5 വരെ അപേക്ഷിക്കാൻ അവസരം ഉണ്ടായിരിക്കും.

### പരീക്ഷാഫലം

ഒന്നും രണ്ടും സെമസ്റ്റർ ബിഎ (സിബിസിഎസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2012 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്, 2013-2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നുംനാലും സെമസ്റ്റർ എംഎ ഇക്കണോമിക്സ് പ്രൈവറ്റ് രജിസ്ട്രേഷൻ (2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

എംഎപൊളിറ്റിക്സ് അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് റഗുലർ സ്റ്റഡി (2004-2011, 2001-2003 അഡ്മിഷൻ) (സെമസ്റ്റർ) പ്രൈവറ്റ് സ്റ്റഡി (2004-2013, 2002-2003 അഡ്മിഷൻ) ജനുവരി 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

### പരീക്ഷാ കേന്ദ്രം അനുവദിച്ചു

സെപ്റ്റംബർ 1ന് ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബിഎ, ബികോം (സിബിസിഎസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ) ജൂൺ 2026 പരീക്ഷകൾക്കുള്ള കേന്ദ്രങ്ങൾ അനുവദിച്ചു. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ. വിദ്യാർഥികൾക്ക് അനുവദിച്ച പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

# ഓണസമ്മാനമായി സെന്റ് ജോസഫ്സ് യു.പി. എസ് കരിത്തലയിൽ നവീകരിച്ച കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്തു

**കരിത്തല:** സെന്റ് ജോസഫ്സ് യു.പി. സ്കൂൾ കരിത്തലയിൽ പുതുതായി സജ്ജീകരിച്ച കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം എറണാകുളം എം.എൽ.എ. ശ്രീ.ടി.ജെ. വിനോദ് നിർവഹിച്ചു. ചാവറ മാട്രിമോണി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജോൺസൺ സി. എബ്രഹാം, ഹെഡ്മിസ്ട്രസ് സിസ്റ്റർ ജെനി ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു. പ്രമുഖ മാട്രിമോണിയൽ സ്ഥാപനമായ ചാവറമാട്രിമോണി ആണ് കുട്ടികളുടെ കമ്പ്യൂട്ടർ ലാബിനാവശ്യമായ മുഴുവൻ സജ്ജീകരണങ്ങളും ഒരുക്കിയത്. സ്കൂൾ അധികൃതരും അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്ത ചടങ്ങിൽ ഗംഭീരമായ ഓണസദ്യയും ഓണാഘോഷവും കുട്ടികൾക്കായി നടത്തി.

സൊസൈറ്റി ടുഡേ
SOCIETY TODAY



ദി വൈറ്റ് സ്കൂൾ ഇന്റർനാഷണലിലെ വിദ്യാർത്ഥികൾ പച്ചക്കറികൾ ഉപയോഗിച്ച് നിർമ്മിച്ച 10 മീറ്റർ വ്യാസമുള്ള പച്ചക്കറി പൂക്കളം

# പച്ചക്കറികൊണ്ട് മെഗാ പൂക്കളം ദി വൈറ്റ് സ്കൂൾ ഇന്റർനാഷണലിൽ വേറിട്ട ഓണാഘോഷം

**കോഴിക്കോട്:** പാരമ്പര്യത്തിന്റെയും ഒരുമയുടെയും സഹജീവി സ്നേഹത്തിന്റെയും സന്ദേശം നൽകികൊണ്ട് ദി വൈറ്റ് സ്കൂൾ ഇന്റർനാഷണലിൽ വിപുലമായ ഓണാഘോഷം സംഘടിപ്പിച്ചു. ആഘോഷങ്ങൾക്കൊപ്പം സാമൂഹിക പ്രതിബദ്ധതയും ഉയർത്തിപ്പിടിച്ചാണ് വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ഇത്തവണത്തെ ഓണം അവിസ്മരണീയമാക്കിയത്. പ്രധാന ആകർഷണമായി സ്കൂളിലെ ടെന്നിസ് കോർട്ടിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പൂക്കൾക്ക് പകരം വിവിധ നിറങ്ങളിലും ആകൃതിയിലുമുള്ള പച്ചക്കറികൾ ഉപയോഗിച്ച് നിർമ്മിച്ച 10 മീറ്റർ വ്യാസമുള്ള കൂറ്റൻ 'പച്ചക്കറി പൂക്കളം' ശ്രദ്ധേയമായി. ഓണാഘോഷത്തിന് തുടക്കം കുറിച്ച കാലം മുതൽ പൂക്കൾക്ക് പകരം പച്ചക്കറികൾ ഉപയോഗിച്ച് കളമൊരുക്കുന്ന മാതൃകാപരമായ രീതിയാണ് ദി വൈറ്റ് സ്കൂൾ പിന്തുടരുന്നത്.

വിദ്യാർത്ഥികൾ വീടുകളിൽ നിന്ന് കൊണ്ടുവന്ന പച്ചക്കറികളാണ് മെഗാ പൂക്കളത്തിനായി ഉപയോഗിച്ചത്. ഭക്ഷ്യവസ്തുക്കൾ പാഴാക്കാതെ ആവശ്യക്കാരിലേക്ക് എത്തിക്കുക എന്ന ആശയമാണ് ഇതിലൂടെ മുൻപോട്ടുവെക്കുന്നത്. പൂക്കളത്തിന് ശേഷം ഈ പച്ചക്കറികൾ സ്കൂളിലെ സപ്പോർട്ട് സ്റ്റാഫ് അംഗങ്ങൾക്കും പ്രദേശത്തെ നിർധനരായ കുടുംബങ്ങൾക്കും വിതരണം ചെയ്യും. ആഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ വിവിധ കലാസാംസ്കാരിക പരിപാടികളും അരങ്ങേറി. തിരുവാതിര, ഓണപ്പാട്ടുകൾ, നൃത്തങ്ങൾ, ഓണസദ്യ തുടങ്ങിയ പരിപാടികൾ ആഘോഷത്തിന് മാറ്റുകൂട്ടി. കേവലം പഠനത്തിനപ്പുറം മാനവിക മൂല്യങ്ങളും സാമൂഹിക ഉത്തരവാദിത്തവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വേറിട്ട ആഘോഷം സംഘടിപ്പിച്ചതെന്ന് ഹൈലൈറ്റ് എഡ്യൂക്കേഷണൽ ഇനിഷ്യേറ്റീവ്സ് ഡയറക്ടറും ഹെഡ് ഓഫ് സ്കൂൾസുമായ ഡോ. പത്മ ഹരിഹരൻ പറഞ്ഞു.

# റോഡുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണണം: ജില്ലാ വികസന സമിതി യോഗം

**കൊച്ചി:** ജില്ലയിലെ റോഡുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണമെന്ന് ജില്ലാ വികസന സമിതി യോഗം. റേഡുകളിൽ കുഴികൾ രൂപപ്പെടുന്നത്, തെരുവു വിളക്കുകൾ, ബാരിക്കേഡുകൾ, റിഫ്ലക്ടറുകൾ എന്നിവയുടെ അഭാവം, ഗതാഗത നിയന്ത്രണത്തിലുള്ള പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് പരിഹാരം കാണുന്നതിന് ദ്രുത പ്രതികരണ സംഘം രൂപീകരിക്കാൻ ജില്ലാ കളക്ടർ ജി പ്രിയങ്ക യോഗത്തിൽ നിർദ്ദേശം നൽകി.

മൂത്തകുന്നം ജംഗ്ഷനിൽ എൻ എച്ചിലെ എൻട്രി എക്സിറ്റ് പ്രശ്നത്തിന് പരിഹാരം കാണണമെന്ന് മുഖ്യമന്ത്രിയുടെ പ്രതിനിധി യോഗത്തിൽ ആവശ്യപ്പെട്ടു. കെ പി കമലാക്ഷൻ റോഡ് മുതൽ തുരുത്തിപ്പുറം വരെയുള്ള സർവീസ് റോഡിലെ എൻ എച്ചിന്റെ നിർമാണപ്രശ്നങ്ങൾ കാരണം പൊതുജനങ്ങൾക്ക് റോഡിലൂടെ നടക്കാൻ സാധിക്കാത്ത പ്രശ്നവും പ്രതിനിധി യോഗത്തിൽ ഉന്നയിച്ചു.

കൊച്ചി താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കണമെന്നും തെക്കേ ചെല്ലാനത്ത് 14, 15 വാർഡുകളിൽ വെള്ളം കയറുന്ന പ്രശ്നത്തിന് പരിഹാരം കാണണമെന്നും മുഹമ്മദ് ഷിയാസ് എം എൽ എ ആവശ്യപ്പെട്ടു. ഫോർട്ട് കൊച്ചി ഭാഗത്തെ അനധികൃത കടകൾ, കയ്യേറ്റങ്ങൾ മാലിന്യ പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഫോർട്ട് കൊച്ചി സബ് കളക്ടറെ സ്പെഷ്യൽ ഓഫീസറാക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ഫിഷറീസ് വകുപ്പ് മന്ത്രി വി. ഇ. അബ്ദുൽ ഗഫൂറിന്റെ പ്രതിനിധി കളമശേരി കണ്ടെയ്നർ റോഡിലെ സിഗ്നലുകളുടെ വാർഷിക പരിപാലന കരാർ ( എ എം സി ) കഴിഞ്ഞതായി യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. പരിഹാരം കാണുന്നതിന് ജില്ലാ കളക്ടർ കളമശേരി നഗരസഭയെ ചുമതലപ്പെടുത്തി.

അങ്കമാലി കാലടി ഭാഗത്ത് എൻ എച്ച് 544 ൽ കുഴികൾ രൂപപ്പെടുന്നത് അപകടങ്ങൾക്ക് കാരണമാകുമെന്നും മലയാറ്റൂർ, മുക്കന്നൂർ, അയ്യമ്പുഴ തുടങ്ങിയ സ്ഥലങ്ങളിലെ കാടിനോട് ചേർന്നുള്ള തോട്ടങ്ങൾ കൃത്യമായ പരിപാലനമില്ലാതെ കാടുപിടക്കുന്നതിനാൽ ഇവിടെ വന്യമൃഗ ശല്യത്തിന് കാരണമാകുന്നത് പരിസരത്തുള്ള വീടുകൾക്ക് ഭീഷണിയാകുന്നുവെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോണിന്റെ പ്രതിനിധി യോഗത്തിൽ ചൂണ്ടിക്കാട്ടി.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ. മനോജ്, ഫോർട്ട് കൊച്ചി സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, ജില്ലാ പ്ലാനിംഗ് ഓഫീസർ ടി ജ്യോതിമോൾ തുടങ്ങിയവർ പങ്കെടുത്തു.

# എറണാകുളത്ത് ഓണാഘോഷത്തിന് മാറ്റുകൂട്ടാൻ ലാവണ്യം 2026

**കൊച്ചി:** സംസ്ഥാന വിനോദസഞ്ചാര വകുപ്പും ജില്ലാ ഭരണകൂടവും ഡിറ്റിപിസിയും സംയുക്തമായി സംഘടിപ്പിക്കുന്ന എറണാകുളം ജില്ലയുടെ വിപുലമായ ഓണാഘോഷ പരിപാടി 'ലാവണ്യം 2026' ആഗസ്റ്റ് 24 മുതൽ 30 വരെ നടക്കും. ഇക്കുറി പ്രധാന വേദിയായ എറണാകുളം ദർബാർ ഹാൾ ഓപ്പൺ എയർ ഓഡിറ്റോറിയത്തിന് പുറമേ ഫോർട്ട് കൊച്ചി വെളി ഗ്രൗണ്ട്, വടക്കൻ പറവൂർ, കോതമംഗലം, പിറവം, പെരുമ്പാവൂർ, പള്ളുരുത്തി, പാമ്പാക്കുട, വൈപ്പിൻ, മൂവാറ്റുപുഴ, കുട്ടമ്പുഴ, കടമ്പ്രയാർ, ദർബാർഹാൾ ഗ്രൗണ്ട്, വാസ്കോഡഗാമ സ്ക്വയർ, കുമ്പളങ്ങി എന്നിങ്ങനെ ജില്ലയിലൊട്ടാകെയുള്ള 15 വേദികളിലായി നാൽപതോളം കലാപരിപാടികളാണ് അരങ്ങേറുന്നത്.

പൂരാടദിനമായ ആഗസ്റ്റ് 24ന് വൈകിട്ട് 6 മണിക്ക് ദർബാർ ഹാളിൽ നടക്കുന്ന പ്രൗഢഗംഭീരമായ ഉദ്ഘാടനച്ചടങ്ങോടെ ആഘോഷങ്ങൾക്ക് തുടക്കമാകും.

ഉദ്ഘാടനത്തോടനുബന്ധിച്ച് വൈകുന്നേരം 5:30ന് ശിങ്കാരിമേളം, 6:00ന് കൃഷ്ണപ്രിയ രേഷിന്റെ സോപാനസംഗീതം, 6:30ന് സെന്റർ ഫോർ എംപവർമെന്റ് ആൻഡ് എൻറിച്ച്മെന്റ് ചാരിറ്റബിൾ സൊസൈറ്റിയിലെ ഭിന്നശേഷി കുട്ടികളുടെ കലാവിരുന്ന്, 7:30ന് സ്റ്റീഫൻ ദേവസിയുടെ മ്യൂസിക്കൽ ബാൻഡ് ഷോ എന്നിവ നടക്കും.

ഉത്രാടദിനമായ ആഗസ്റ്റ് 25ന് ഉച്ചയ്ക്ക് 12.30 ന് കുട്ടമ്പുഴ പന്തപ്ര കോളനിയിൽ ഓണസദ്യയും ഓണക്കോടി വിതരണവും നടക്കും. അന്നേദിവസം വൈകിട്ട് 6 മണിക്ക് സരിത് ബാബുവിന്റെ നിണബലി, ബേണി ഇഗ്നേഷ്യസിന്റെ 'ബേണീസ് ഗ്ലോബൽ ഗ്രൂവ്സ് മ്യൂസിക്കൽ ബാൻഡ്' എന്നിവയും ദർബാർ ഹാൾ ഗ്രൗണ്ടിൽ അരങ്ങേറും.

തിരുവോണ ദിനമായ ആഗസ്റ്റ് 26ന് ഭാരത് ഭവനും സാംസ്കാരിക വകുപ്പും ചേർന്ന് ജമ്മു കശ്മീർ, ഹരിയാന, ഗുജറാത്ത്, മഹാരാഷ്ട്ര, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങളുടെ കലാരൂപങ്ങൾ അണിനിരത്തുന്ന 'ഇന്ത്യൻ വസന്തോത്സവം 2026' അരങ്ങേറും.

അവിട്ടദിനമായ ആഗസ്റ്റ് 27ന് ഐഡിയാസ് ആർട്ട് കൊച്ചിയുടെ പുലികളിയും സാം ശിവയുടെ ലൈവ് ഫ്യൂഷനും, ചതയ ദിനമായ ആഗസ്റ്റ് 28ന് ഉഷാ എൻ.എസിന്റെ കളമെഴുത്തും പാട്ടും സർപ്പപാട്ടും കൂടാതെ ഷഡ്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതിയുടെ 'രസസഞ്ചാരം' നാട്യനൃത്തരംഗാവിഷ്കാരവും നടക്കും. ആഗസ്റ്റ് 29ന് കലാമണ്ഡലം അബിജോഷും സംഘവും അവതരിപ്പിക്കുന്ന പാഠകവും നിഖിൽ കണ്ണൂർ വടക്കൻസ് അവതരിപ്പിക്കുന്ന നാടൻപാട്ടുകളും അവസാന ദിനമായ ആഗസ്റ്റ് 30 ന് സെന്റ് ആൽബർട്ട്സ് കോളേജിന്റെ 'കേരളീയം' ഡാൻസ് ഷോയും ഗിന്നസ് പക്രു അവതരിപ്പിക്കുന്ന മെഗാഷോയും ആഘോഷങ്ങൾക്ക് പൊലിമയേകും.






# പുന്നമടയിൽ അദ്ഭുതം സൃഷ്ടിച്ച് അരോമ ബോട്ട് ക്ലബും അരോമ ചുണ്ടനും

**ആലപ്പുഴ:** പുന്നമടയിൽ അദ്ഭുതം സൃഷ്ടിച്ചാണ് അരോമ ചുണ്ടൻ ജലരാജാവായത്. വള്ളംകളി നടക്കുന്ന പുന്നമടക്കായലിന്റെ ഇരുകരകളിലും മേൽപ്പാടം, വീയപുരം, നടുഭാഗം എന്നീ വള്ളങ്ങളുടെ ഫാൻസ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ ജില്ലയിലെ ജലോത്സവ പ്രേമികളെല്ലാം വിജയം ഉറപ്പിച്ച് ആർപ്പുവിളികളുമായി നിൽക്കുന്നതിനിടയിലാണ് അപ്രതീക്ഷിതമായി അരോമ ചുണ്ടൻ ഒന്നാമതായി ഫിനിഷ് ചെയ്യുന്നത്. അരോമയുടെ ഈ വിജയം ജലോത്സവം പ്രേമികളെ ഒന്നടങ്കം ഞെട്ടിച്ചു.

ആദ്യപാദ മത്സരത്തിൽ മറ്റ് വള്ളങ്ങളേക്കാൾ സെക്കൻഡുകളുടെ പുറകിലായിരുന്നു അരോമ ചുണ്ടൻ. 4.26.529 സെക്കൻഡിന് നാലാം ഹീറ്റിൽ അരോമ ഫിനിഷ് ചെയ്തപ്പോൾ ഫൈനലിൽ എത്തില്ല എന്നായിരുന്നു ജലോത്സവപ്രേമികൾ ആദ്യം കരുതിയിരുന്നത്.

സീസണിലെ ആദ്യ മത്സരമായിരുന്ന ചമ്പക്കുളം മൂലം വള്ളംകളിയിൽ ഒന്നാമതെത്തി മികച്ച തുടക്കം കുറിച്ചാണ് ജല മാമാങ്കത്തിലേക്ക് അരോമ ചുണ്ടൻ ആദ്യമായി ചുവടുവയ്ക്കുന്നത്. അരോമ ചുണ്ടൻ ഈ വർഷമാണ് നീരണിഞ്ഞത്. പുതിയ ചുണ്ടൻ നെഹ്റു ട്രോഫിക്കെത്തിച്ചത്

അരോമ ബിസിനസ് ഗ്രൂപ്പിൻറെ നേതൃത്വത്തിലാണ്. കൊല്ലം സ്വദേശിയായ അരോമ ഗ്രൂപ്പ് ചെയർമാൻ പി. കെ. സജീവാണ് അരോമ ക്ലബ്ബിന്റെ പ്രസിഡൻറ്. സജീഷ് കുറുപ്പ് (സെക്രട്ടറി), അനീഷ് ജേക്കബ് (ട്രഷറർ) എന്നിവരാണ് നേതൃത്വം നൽകുന്നത്. കഴിഞ്ഞ വർഷം കാരിച്ചാൽ ചുണ്ടൻറെ ക്യാപ്റ്റനായിരുന്ന പി.കെ. സജീവിന്റെ മകനും സിനിമ നടനുമായ രഞ്ജിത്ത് സജീവിനും കുടുംബത്തിനും വള്ളംകളിയോട് താത്പര്യമുണ്ടായതോടെ സ്വന്തമായി ചുണ്ടനും ക്ലബ്ബും സജ്ജീകരിക്കുകയായിരുന്നു. 132 അടി നീളവും 64 അടി വീതിയുമാണ് വള്ളത്തിന്. 85 തുഴച്ചിലുകാർ അഞ്ച് അമരക്കാർ ഒന്പത് നിലക്കാർ ആണ് വള്ളത്തിലുള്ളത്. ക്യാപ്റ്റൻ രഞ്ജിത്ത് സജീവും ലീഡിംഗ് ക്യാപ്റ്റൻ കൊച്ചുമ്മനും ജിതിൻ വർഗീസുമായിരുന്നു. അരോമയിലൂടെ നെഹ്റു ട്രോഫി ആദ്യമായി കൊല്ലത്തും എത്തി.

# ഉപ്പേരി മുതൽ വാഴയിലവരെ വിപണിയിൽനിന്ന്

**പത്തനംതിട്ട:** ഓണം ഒരുക്കാൻ എല്ലാ സാധനങ്ങളും വിപണിയിൽ നിന്നു വില കൊടുത്തു തന്നെ വാങ്ങുകയാണ് മലയാളി. മുൻകാലങ്ങളിൽ ഓണ സദ്യക്കും പൂക്കളമൊരുക്കാനുമെല്ലാം വിപണിയെ ആശ്രയിക്കേണ്ട സാഹചര്യമില്ലായിരുന്നു. സദ്യക്കാവശ്യമായ അരി മുതൽ പച്ചക്കറികൾ വരെ വീടുകളിൽ തന്നെയുണ്ടായിരുന്നു. ഇന്നിപ്പോൾ സദ്യവട്ടത്തിനുള്ള സാധനങ്ങൾ മാത്രമല്ല, വാഴയിലയും വില കൊടുത്തു വാങ്ങേണ്ടിവരുന്നു. പൂക്കളമൊരുക്കാനുള്ള പൂക്കൾക്കും വിപണിയെ ആശ്രയിക്കണം. ഓണ വിഭവങ്ങളിൽ ഒഴിച്ചുകൂടാനാകാത്ത ഉപ്പേരി ഉൾപ്പെടെയുള്ളവയ്ക്ക് ഓണക്കാലമായതോടെ വില ഉയർന്നു. ഉപ്പേരി തയാറാക്കാമെന്നുവച്ചാൽ ഏത്തക്കായയുടെയും വെളിച്ചെണ്ണ!യുടെയും വിലയും ഏറി. പച്ചക്കറികളുടെ വിലയും കുതിച്ചുയരുകയാണ്. നാരങ്ങാ മുതൽ ഓണസദ്യ ഒരുക്കാനുള്ള എല്ലാത്തരം പച്ചക്കറികൾക്കും വില ഉയർന്നു. നാടൻ പച്ചക്കറി വിപണിയെ മഴ തളർത്തിയതോടെ തമിഴ്നാട് പച്ചക്കറികളാണ് വിപണിയിൽ ഏറെയുമുള്ളത്. ഏത്തക്കുലയും തമിഴ്നാട്ടിൽ നിന്നാണ് എത്തുന്നത്. നാടൻ കുലകളുടെ വരവും ഇത്തരത്തിലാണ്. പഴം ഓണസദ്യയിൽ ഒഴിച്ചുകൂടാനാകാത്തതിനാൽ ഇതിൻറെ വിലയും ഉയർന്നു നിൽക്കുകയാണ്.

കഴിഞ്ഞ ഓണത്തേക്കാൾ സാധനങ്ങളുടെ വിലയിലുണ്ടായ വർധന ഇടത്തരം കുടുംബങ്ങളെ സാരമായി ബാധിച്ചു. കുത്തരി, വെളിച്ചെണ്ണ, പയർ വർഗങ്ങൾ, മുളക്, മല്ലി, പഞ്ചസാര, ശർക്കര, പച്ചക്കറികൾ എന്നിവയുടെ വിലയിൽ വൻ വർധനയാണ് ഒരു വർഷത്തിനിടയിൽ ഉണ്ടായത്. അരി വിലയിൽ കിലോഗ്രാമിന് പത്ത് രൂപയിലധികം വർധന ഒരു വർഷത്തിനിടെ ഉണ്ടായി. ഓണത്തിന് ഒഴിച്ചുകൂടാനാകാത്ത സാധനങ്ങൾ പൊതുവിപണിയിൽ നിന്നു വാങ്ങാൻ ഇതോടെ ആളുകൾക്ക് ചെലവേറി. ഓണത്തോടനുബന്ധിച്ച് നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ, ത്രിവേണി മാർക്കറ്റുകളിലൂടെ ലഭിക്കുന്നുവെന്നതാണ് ഏക ആശ്വാസം. എന്നാൽ ഇതിൻറെ ലഭ്യത പരിമിതപ്പെടുത്തിയിട്ടുണ്ട്.

ചിങ്ങം പിറന്നതോടെ വാഴയില വില കുതിച്ചുയരുകയാണ്. കഴിഞ്ഞമാസം വരെ അഞ്ച് രൂപയിൽ താഴെയായിരുന്ന ഒരു വാഴയിലയുടെ വില ഇപ്പോൾ പത്ത് രൂപയിലെത്തി. ഇരുപത് തൂശനിലയുള്ള ഒരു കെട്ടിന് 180 200 രൂപ നൽകണം. കഴിഞ്ഞ വർഷം ഒരു കെട്ടിന് നൂറ് രൂപയായിരുന്നു.

മഴക്കെടുതിയിൽ വാഴകൾ കൂട്ടത്തോടെ നശിച്ചതും ചിങ്ങം പിറന്നതോടെ വിവാഹം, ഓണ സത്കാരങ്ങൾ, ഗൃഹപ്രവേശം തുടങ്ങിയവ കൂടുകയും ചെയ്തതോടെ വാഴയിലയുടെ ആവശ്യകതയും വർധിച്ചു. കഴിഞ്ഞ മിന്നൽ പ്രളയത്തിൽ 76.43 ഹെക്ടർ സ്ഥലത്തെ വാഴകൃഷിയാണ് ജില്ലയിൽ നശിച്ചത്. പേപ്പർ വാഴയിലകൾ വിപണിയിലുണ്ടെങ്കിലും ചിങ്ങത്തിലെ സദ്യവട്ടങ്ങൾക്ക് നാടൻ വാഴയില തന്നെ വേണം. തമിഴ്നാട്, കർണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് ഇപ്പോൾ ഇല എത്തുന്നത്.

## ഗസ്റ്റ് അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അധ്യയന വർഷം അതിഥി അധ്യാപക ഒഴിവുണ്ട്. യോഗ്യത : പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ ബിരുദാനന്തര ബിരുദം, Ph.D/NET ഉള്ളവർക്ക് മുൻഗണന. പ്രവൃത്തിപരിചയം അഭിലഷണീയം. നിശ്ചിതയോഗ്യതയുള്ളതും എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലെക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവരും ആയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി (ഒരു സെറ്റ് കോപ്പികളും സഹിതം) സെപ്റ്റംബർ 03 (വ്യാഴം) രാവിലെ 10 ന് നേരിട്ട് പ്രിൻസിപ്പൽ ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് www.maharajas.ac.in. സന്ദർശിക്കുക.

## സിവിൽ സർവീസ് പരിശീലനം

**കൊച്ചി:** സംസ്ഥാന സിവിൽ സർവീസ് അക്കാദമി ആലുവ കേന്ദ്രത്തിൽ പ്രിലിംസ് കം മെയിൻസ് സെപ്റ്റംബർ ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ആലുവ കേന്ദ്രത്തിൽ പ്രിലിംസ് കം മെയിൻസ് സെപ്റ്റംബർ ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി കഴിഞ്ഞവരും 2027 ൽ ഡിഗ്രി പൂർത്തിയാക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. യു. പി. എസ്. സി. പ്രിലിംസ്, മെയിൻസ് പരീക്ഷക്കുള്ള ഒരു വർഷത്തെ പരിശീലന ക്ലാസ്സുകളാണ് നടത്തുന്നത്. വിശദമായ വിവരങ്ങൾ അക്കാദമിയുടെ kscsa.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. രജിസ്ട്രേഷൻ പൂർത്തീകരിച്ചശേഷം ആലുവ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക്: 82810 98867, 82810 98863 Website: kscsa.org.

## സത്യവ്രതസ്വാമികൾ ശ്രീനാരായണഗുരുവിന്റെ വിവേകാനന്ദൻ സച്ചിദാനന്ദ സ്വാമി

**വർക്കല:** ശ്രീനാരായണഗുരുവിന്റെ ശിഷ്യപ്രമുഖനായിരുന്ന സത്യവ്രതസ്വാമികൾ അറിയപ്പെട്ടിരുന്നത് ഗുരുവിൻറെ വിവേകാനന്ദൻ എന്ന പേരിലാണ്. പ്രാസംഗികനായിരുന്ന സ്വാമികൾ ശാരീരിക ഗാംഭീര്യം കൊണ്ടും ഉയർന്ന ആലോചനകൊണ്ടും ആരെയും ആകർഷിക്കുന്ന മഹത്വ്യക്തിത്വമായിരുന്നു. അദ്ദേഹം ഒരു തലപ്പാവ് കൂടി അണിഞ്ഞാൽ ശരിക്കും സ്വാമി വിവേകാനന്ദ നെന്ന് എല്ലാവരും പറയുമായിരുന്നു.

ശ്രീനാരായണ ഗുരുവിന് സത്യവ്രതനെപ്പോലെ ഒരു ശിഷ്യൻ ഉണ്ടായിട്ടില്ല എന്ന് സി. കേശവനും എന്നെക്കൊണ്ട് സവർണ്ണ ജാഥ നയിപ്പിച്ചത് സ്വാമിയാണെന്ന് അന്നത്തെ പത്മനാഭനും സത്യവ്രതസ്വാമിയെപ്പോലെ സ്വതന്ത്രചിന്തകനായ ഒരാൾ കേരളത്തിൽ ഉണ്ടായിട്ടില്ലെന്ന് സഹോദരൻ അയ്യപ്പനും പറഞ്ഞു. 34 വയസ്സ് തികക്കുന്നതിന് മുമ്പുള്ള സ്വാമിയുടെ സമാധിയിൽ ജാതിമതഭേദമെന്യേ മുഴുവൻ കേരളീയരും ദു:ഖിച്ചു. വർത്തമാനം കേട്ടിട്ട് നമുക്ക് ക്ഷീണം തോന്നുന്നു ജാതിയില്ലായ്മ ജീവിതവിശുദ്ധി എന്നീ രണ്ടു കാര്യങ്ങളിൽ സത്യവ്രതൻ ബുദ്ധനെ കൂടി ജയിച്ച ആളാണെന്നാണ് സാക്ഷാൽ ഗുരുദേവൻ പോലും ഒരിക്കൽ അഭിപ്രായപ്പെട്ടത്.

നായർ സമുദായത്തിൽ ജനിച്ച അയ്യപ്പൻ പിള്ള ഗുരുദേവ ശിഷ്യത്വം സ്വീകരിച്ച് എസ്.എൻ.ഡി.പി. യോഗത്തിൻറെ മൈക്ക് ആയത് അന്നത്തെ വലിയ ഒരു സംഭവമാണ്. സത്യവ്രത സ്വാമികളുടെ സമാധി ശതാബ്ദി സെപ്റ്റംബർ രണ്ടിന് രാജ്യമൊട്ടാകെ ഗുരുധർമ്മ പ്രചരണ സഭയുടെയും മറ്റും നേതൃത്വത്തിൽ നടക്കുന്നുണ്ടെന്ന് സച്ചിദാനന്ദ സ്വാമികൾ പറഞ്ഞു. ജി.ഡി.പി.എസിന്റെ ആഭിമുഖ്യത്തിൽ സമാധിശതാബ്ദി സ്മാരകമന്ദിരം നവാമി സത്യവ്രതം എന്ന പേര് സമുദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അധ്യക്ഷം വഹിച്ച് സംസാരിക്കുകയായിരുന്നു സ്വാമി.

## ഉഡാൻ 2കെ26 ആരംഭിച്ചു

**കോതനല്ലൂർ:** അമലഗിരി ബികെ കോളജ് എൻഎസ്എസ് യൂണിറ്റിൻറെ സപ്തദിന സഹവാസ ക്യാമ്പിന് കോതനല്ലൂർ ഇമ്മാനുവൽ ഹയർ സെക്കൻഡറി സ്കൂളിൽ തുടക്കമായി.
മാഞ്ഞൂർ പഞ്ചായത്ത് പ്രസിഡൻറ് സുനു ജോർജ് ഉദ്ഘാടനം ചെയ്തു. ബികെ കോളജ് പ്രിൻസിപ്പൽ ഡോ. ജീനിത വർഗീസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.
സ്കൂൾ മാനേജർ ഫാ. കുര്യൻ കാലായിൽ, കോളജ് അഡ്മിനിസ്ടേറ്റർ സിസ്റ്റർ മേഴ്സി, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ മഞ്ജു ജേക്കബ്, പഞ്ചായത്തംഗങ്ങളായ കെ.ബി. രാജേഷ്, ഡെസ്‌ലി ജോർജ്, ഹെഡ്മാസ്റ്റർ പി.എം. വർഗീസ് എന്നിവർ പ്രസംഗിച്ചു.



# കല്യാൺ സിൽക്സ് ഓണക്കോടിക്കൊപ്പം രണ്ട് കോടി: മൂന്നാംഘട്ട നറുക്കെടുപ്പിലെ വിജയികളെ പ്രഖ്യാപിച്ചു

**കോഴിക്കോട്:** പ്രമുഖ വസ്ത്രവ്യാപാര ശൃംഖലയായ കല്യാൺ സിൽക്സ് സംഘടിപ്പിക്കുന്ന 'ഓണക്കോടിക്കൊപ്പം രണ്ട് കോടിയും' സമ്മാന പദ്ധതിയുടെ മൂന്നാംഘട്ട നറുക്കെടുപ്പ് കോഴിക്കോട് തൊണ്ടയാട് ജങ്ഷനിലുള്ള കല്യാൺ സിൽക്സ് & ഹൈപ്പർ മാർക്കറ്റ് ഷോറൂമിൽ വെച്ച് നടന്നു. കോഴിക്കോട് സൗത്ത് എം.എൽ.എ. അഡ്വ. ഫൈസൽ ബാബു, കോഴിക്കോട് നോർത്ത് എം.എൽ.എ. അഡ്വ. കെ. ജയന്ത്, ബാലുശ്ശേരി എം.എൽ.എ. വി. ടി. സൂരജ്, എലത്തൂർ എം.എൽ.എ. അഡ്വ. വിദ്യ ബാലകൃഷ്ണൻ എന്നിവർ ചേർന്ന് സംയുക്തമായാണ് വിജയികളെ നറുക്കെടുത്തത്.

മൂന്നാംഘട്ട നറുക്കെടുപ്പിലെ രണ്ടാം സമ്മാനമായ 5 ടൊയോട്ട ഗ്ലാൻസ കാറുകൾക്ക് നവീൻ കൃഷ്ണ ബി (കൂപ്പൺ നമ്പർ : 0652812) ആറ്റിങ്ങൽ, ആരോൺ വി എ (കൂപ്പൺ നമ്പർ : 0795450) ഇരിങ്ങാലക്കുട, വിനോദ് കെ (കൂപ്പൺ നമ്പർ : 0373940) തിരുവനതപുരം, ഹിത (കൂപ്പൺ നമ്പർ : 0101558) പട്ടാമ്പി, ഇന്ദിര കെ വി (കൂപ്പൺ നമ്പർ : 0102279) പട്ടാമ്പി എന്നിവരാണ് അർഹരായത്. മൂന്നാം സമ്മാനമായ 7 ഹോണ്ട ആക്റ്റീവ സ്കൂട്ടറുകൾ മെഡിട്രിന (കൂപ്പൺ നമ്പർ : 0504184) കൊല്ലം, അക്ഷയ് സി വി (കൂപ്പൺ നമ്പർ : 0268555) ചാലക്കുടി, ആഹിൽ അഹമ്മദ് (കൂപ്പൺ നമ്പർ : 0115869) കോഴിക്കോട്, പ്രേമജ വി (കൂപ്പൺ നമ്പർ : 0964946) കുന്നംകുളം, ശിവദാസകുറുപ്പ് (കൂപ്പൺ നമ്പർ : 0663782) ആറ്റിങ്ങൽ , ഡെന്ന്യു മാത്യു (കൂപ്പൺ നമ്പർ : 0087910) കാസർകോട്, എഫാഹ് സിർമിൻ എ (കൂപ്പൺ നമ്പർ : 0819864) കോഴിക്കോട് എന്നിവർക്ക് ലഭിച്ചു. നാലാം സമ്മാനമായ 7 ഗോദ്റെജ് എയർ കണ്ടീഷണറുകൾ അനഘ (കൂപ്പൺ നമ്പർ : 0780491) കോട്ടയം, ഭാരതി എസ് (കൂപ്പൺ നമ്പർ : 2014339) ബാംഗ്ലൂർ, ലത (കൂപ്പൺ നമ്പർ : 0785486) കോഴിക്കോട്, മുഹമ്മദ് റിസാദ് (കൂപ്പൺ നമ്പർ : 0781672) കോഴിക്കോട്, ഷർജി ദിനേശ് (കൂപ്പൺ നമ്പർ : 0663651) ആറ്റിങ്ങൽ, ഷൈബു പി (കൂപ്പൺ നമ്പർ : 0785013) കോഴിക്കോട്, മീര സുരേഷ് (കൂപ്പൺ നമ്പർ : 0008070) തിരുവനന്തപുരം എന്നിവർക്കും അഞ്ചാം സമ്മാനമായ 7 ഹോം അപ്ലയൻസ് കോംബോ പാക്കുകൾ സുമതി കെ (കൂപ്പൺ നമ്പർ : 0706440) തിരുവനന്തപുരം, ആഷ്‌ലിൻ ശ്യാം (കൂപ്പൺ നമ്പർ : 0779650) കോട്ടയം , മിനി (കൂപ്പൺ നമ്പർ : 0032550) കണ്ണൂർ, ആദർശ് ആർ (കൂപ്പൺ നമ്പർ : 0680951) കൊല്ലം , ഫമിന എ (കൂപ്പൺ നമ്പർ : 0664860) ആറ്റിങ്ങൽ, മിഥുൻ ജോർജ് (കൂപ്പൺ നമ്പർ : 0820211) കോഴിക്കോട്, രാജീവ് എം വി (കൂപ്പൺ നമ്പർ : 0696932) തൃശൂർ എന്നിവർക്കും ലഭിച്ചു. ആറാം സമ്മാനമായ 1000 രൂപ വീതം മൂല്യമുള്ള ഗിഫ്റ്റ് വൗച്ചറുകൾ നേടിയ 50 ഭാഗ്യശാലികളുടെ പേരുകൾ കല്യാൺ സിൽക്സിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ പേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

# കെടിഎം 2026 ബയർ രജിസ്ട്രേഷൻ 3000 കടന്നു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ടൂറിസംവാണിജ്യ മേളയായ കേരള ട്രാവൽ മാർട്ടി (കെടിഎം 2026)ന് ഇക്കുറി റിക്കാർഡ് രജിസ്ട്രേഷൻ. മാർട്ടിൽ പങ്കെടുക്കുന്നതിനുള്ള ബയർ രജിസ്ട്രേഷൻ 3000 കടന്നു. ഇതിൽ 790 രാജ്യാന്തര ബയർമാരും 2,210 ആഭ്യന്തര ബയർമാരും ഉൾപ്പെടുന്നു.

സെപ്റ്റംബർ 24ന് കൊച്ചി ലുലു ഇൻറർനാഷണൽ കൺവൻഷൻ സെൻററിലാണ് കെടിഎമ്മിന്റെ ഉദ്ഘാടനം. മാർട്ടിൻറെ ഭാഗമായുള്ള ബിസിനസ് മീറ്റുകൾ 25 മുതൽ 27 വരെ വെല്ലിംഗ്ടൺ ഐലൻഡിലെ സാഗര, സാമുദ്രിക കൺവൻഷൻ സെന്ററുകളിലാണ് നടക്കുക. ടൂറിസം സംരംഭകരുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തിലും മികച്ച പുരോഗതിയാണു രേഖപ്പെടുത്തിയിരിക്കുന്നത്. മേളയിൽ 382 സെല്ലർമാരാണ് സ്റ്റാൾ ബുക്കിംഗ് പൂർത്തിയാക്കിയത്.

വാണിജ്യ കൂടിക്കാഴ്ചകൾ, ടൂറിസം നയകർത്താക്കളുടെ യോഗങ്ങൾ, ദേശീയഅന്തർദേശീയ വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകൾ തുടങ്ങിയവയും മൂന്നു ദിവസത്തെ മാർട്ടിലുണ്ടാകും.




# കല്യാൺ ജൂവലേഴ്സിന് തമിഴ്നാട് സർക്കാരിന്റെ തായ് മാമൻ തങ്ക മോതിരം

## പദ്ധതിക്കായി ഒരു ഗ്രാം സ്വർണമോതിരങ്ങൾ വിതരണം ചെയ്യാനുള്ള കരാർ ലഭിച്ചു

**കൊച്ചി:** തമിഴ്നാട് സർക്കാരിന്റെ 'തായ് മാമൻ തങ്കമോതിരം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെമ്പാടുമായി ഒരു ഗ്രാം തൂക്കമുള്ള, 22 കാരറ്റ്, 916 ബിഐഎസ് ഹാൾമാർക്ക് ചെയ്ത സ്വർണമോതിരങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കരാർ കല്യാൺ ജൂവലേഴ്സിന് ലഭിച്ചു. തമിഴ്നാട് മെഡിക്കൽ സർവീസസ് കോർപ്പറേഷനുമായുള്ള കരാർ പ്രകാരം കല്യാൺ ജൂവലേഴ്സ് 38,550 ഒരു ഗ്രാം 22 കാരറ്റ് സ്വർണമോതിരങ്ങൾ വിതരണം ചെയ്യും.

സംസ്ഥാനത്തുടനീളമുള്ള അർഹരായ ഗുണഭോക്താക്കൾക്ക് സ്വർണമോതിരങ്ങൾ വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുള്ള തമിഴ്നാട് സർക്കാരിൻന്റെ ഒരു ക്ഷേമ പദ്ധതിയാണ് 'തായ് മാമൻ തങ്കമോതിരം തിട്ടം'. കരാർ പ്രകാരം, ഈ മോതിരങ്ങൾ നിർമ്മിക്കുകയും ഹാൾമാർക്ക് ചെയ്യുകയും തമിഴ്നാട് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൻ നിർദ്ദേശിക്കുന്ന നിശ്ചിത കേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് കല്യാൺ ജൂവലേഴ്സിന്റെ ചുമതല.

തമിഴ് കുടുംബങ്ങളിൽ സ്വർണത്തിന് എപ്പോഴും പ്രത്യേക സ്ഥാനമുണ്ടെന്നും അത് കുട്ടികൾക്കുള്ള സമ്മാനമായി ലഭിക്കുമ്പോൾ കൂടുതൽ ആഴത്തിലുള്ള അർത്ഥം കൈവരുന്നുവെന്നും കല്യാൺ ജൂവലേഴ്സ് ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്ല്യാണരാമൻ പറഞ്ഞു. കുട്ടികളുടെ ക്ഷേമത്തിനും ഭാവിക്കുമുള്ള തമിഴ്നാട് സർക്കാരിന്റെ പ്രതിബദ്ധതയാണ് തായ് മാമന് തങ്കമോതിരം പദ്ധതിയിലൂടെ വെളിവാകുന്നത്. ഈ പദ്ധതിയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ കല്യാൺ ജൂവലേഴ്സിന് അഭിമാനമുണ്ട്. കുടുംബത്തിന്റെ പ്രതീക്ഷകളുടെയും കുട്ടിയുടെ ഭാവിയുടെയും ചെറുതെങ്കിലും അർത്ഥവത്തായ പ്രതീകമാണ് ഓരോ മോതിരവും. പരമാവധി ശ്രദ്ധയോടെയും ഗുണനിലവാരത്തോടെയും സുതാര്യതയോടെയും ഈ ഉത്തരവാദിത്തം നിറവേറ്റുമെന്നും അദ്ദേഹം പറഞ്ഞു.

കല്യാൺ ജൂവലേഴ്സിന് നിലവിൽ തമിഴ്നാട്ടിൽ 30 ഷോറൂമുകളുണ്ട്. കൂടാതെ തങ്ങളുടെ ആദ്യത്തെ പ്രാദേശിക ബ്രാൻഡായ അക്ഷയ തങ്ക മാളിക ചെന്നൈയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ബ്രാൻഡിനെയും ആഭരണശേഖരങ്ങളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് https://www.kalyan-jewellers.net/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# വിൻസ്മെര ജുവൽസ് കോഴിക്കോട് ഷോറൂം ഒന്നാം വാർഷികം ആഘോഷിച്ചു

**കോഴിക്കോട്:** ഒരു വർഷം മുൻപ് കോഴിക്കോട്ട് നിന്ന് തുടങ്ങിയ യാത്ര, ഇന്ത്യയിലും യു.എ.ഇയിലുമായി ഏഴ് ഷോറൂമുകളിലേക്ക് വളർന്ന ചരിത്രം ഓർമ്മിപ്പിച്ചുകൊണ്ട് വിൻസ്മെര ജുവൽസ് കോഴിക്കോട് ഷോറൂമിന്റെ ഒന്നാം വാർഷികാഘോഷം വിൻസ്മെരയുടെ ഷോറൂമിൽ വെച്ച് നടന്നു. നടി അൻസിബ ഹസൻ മുഖ്യാതിഥിയായെത്തിയ ചടങ്ങിൽ, കടന്നുപോയ ഒരു വർഷത്തിനിടയിൽ ഉപഭോക്താക്കൾ നൽകിയ സ്നേഹത്തിനും വിശ്വാസത്തിനുമുള്ള നന്ദിസൂചകമായി മാറി.

പാരമ്പര്യത്തിന്റെ തനിമ വിടാതെ ആധുനികതയെ ചേർത്തുപിടിക്കുന്ന ഡിസൈനുകൾ, ദൈനംദിന ഉപയോഗത്തിനുള്ള ലളിതമായ ആഭരണങ്ങൾ, രാജകീയ പ്രൗഢിയാർന്ന ബ്രൈഡൽ കളക്ഷനുകൾ, ഈ ആഭരണ വൈവിധ്യമാണ് വിൻസ്മെര കോഴിക്കോട് ഷോറൂമിനെ ഉപഭോക്താക്കളുടെ പ്രിയപ്പെട്ടതാക്കി മാറ്റിയത്.

വാർഷികാഘോഷത്തിന്റെ ഹൈലൈറ്റായി, Vinsmera jewels പോൾക്കി ആഭരണങ്ങളുടെ പ്രൗഢിയുമായി ശ്രദ്ധ നേടിയ ഠഥഛഒഅഞഅ കളക്ഷൻസ്, തങ്ങളുടെ പുതിയ സബ് ബ്രാൻഡ് VISMAYA ജംസ്റ്റോൺ ആഭരണ കളക്ഷൻ, ഈ ചടങ്ങിൽ അവതരിപ്പിച്ചു.

'ഒരു വർഷം മുൻപ് കോഴിക്കോട്ട് നിന്ന് തുടങ്ങിയ ഈ യാത്ര, ഉപഭോക്താക്കളുടെ അകമഴിഞ്ഞ പിന്തുണ കൊണ്ട് മാത്രമാണ് ഇന്നത്തെ വളർച്ചയിലേക്ക് എത്തിയത്. TYOHARA-യുടെ കുടക്കീഴിൽ VISMAYA എന്ന പുതിയ സബ് ബ്രാൻഡ് അവതരിപ്പിക്കുന്ന ഈ നിമിഷം, ആ യാത്രയിലെ പുതിയൊരു നാഴികക്കല്ലാണ്,' ചെയർമാൻ ദിനേശ് കാമ്പ്രത്ത് പറഞ്ഞു.

വിൻസ്മെര ഗ്രൂപ്പ് ചെയർമാൻ ദിനേശ് കാമ്പ്രത്ത്, വൈസ് ചെയർമാൻ അനിൽ കാമ്പ്രത്ത്, മാനേജിംഗ് ഡയറക്ടർ മനോജ് കാമ്പ്രത്ത്, എക്സിക്യൂട്ടീവ് ഡയറക്ടർ, ഡയറക്ടർ രാജേഷ് ഇല്ലത്ത് തുടങ്ങിയവരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിന്, കോഴിക്കോട്ടെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരും വിൻസ്മെരയുടെ വിശ്വസ്തരായ ഉപഭോക്താക്കളും സാക്ഷ്യംവഹിച്ചു.

2030ഓടെ 40 ഷോറൂമുകളിലേക്ക് ശൃംഖല വികസിപ്പിക്കുകയെന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ, കോഴിക്കോട് ഷോറൂം സമ്മാനിച്ച വിശ്വാസത്തിൽ നിന്ന് കരുത്താർജ്ജിച്ച് കേരളത്തിലും രാജ്യാന്തര വിപണികളിലും സാന്നിധ്യം കൂടുതൽ ശക്തമാക്കാനുള്ള ഒരുക്കത്തിലാണ് വിൻസ്മെര ജുവൽസ്.



സതേൺ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് ക്രെഡിറ്റ് ആൻഡ് മൾട്ടി പർപ്പസ് സൊസൈറ്റി ലിമിറ്റഡ് കരമനയിൽ ആരംഭിച്ച കസ്റ്റമർ ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടന വേളയിൽ മാനേജിംഗ് ഡയറക്ടർ കെ.മനോജ് പ്രസംഗിക്കുന്നു. ഡോ. വട്ടവിള വിജയകുമാർ,വിജി തമ്പി, ജയചന്ദ്രൻ രാഘവൻ, കേണൽ(റിട്ട) ജയഗണേഷ് കൃഷ്ണൻ കുട്ടി, ഷൈജു ജോൺ തുടങ്ങിയവർ സമീപം.

# സതേൺ എം.സി.എസ് ലിമിറ്റഡ് കരമനയിൽ കസ്റ്റമർ ഫെസിലിറ്റേഷൻ സെന്റർ തുറന്നു

**കൊച്ചി:** കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ബാങ്കിതര ധനകാര്യ സ്ഥാപനമായ സതേൺ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് ക്രെഡിറ്റ് ആൻഡ് മൾട്ടി പർപ്പസ് സൊസൈറ്റി ലിമിറ്റഡ് തിരുവനന്തപുരം കരമനയിൽ തൊണ്ണൂറാമത് കസ്റ്റമർ ഫെസിലിറ്റേഷൻ സെന്റർ തുറന്നു. മാനേജിംഗ് ഡയറക്ടർ കെ. മനോജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രശസ്ത സിനിമാ സംവിധായകൻ വിജി തമ്പി കസ്റ്റമർ ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘടനം നിർവ്വഹിച്ചു. കകേരളത്തിലെമ്പാടും നാൾക്കുനാൾ കസ്റ്റമർ ഫെസിലിറ്റേഷൻ സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ഇടപാടുകാരുടെ ക്ഷേമത്തിന് കമ്പനി നൽകുന്ന പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നതെന്ന് വിജി തമ്പി അഭിപ്രായപ്പെട്ടു. കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സതേണിന് കേരളത്തിന് പുറത്ത് തമിഴ്നാട്ടിലും കർണ്ണാടകയിലും ശക്തമായ സാന്നിധ്യമുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ കെ. മനോജ് പറഞ്ഞു. ഇടപാടുകാർക്ക് മികച്ച സേവനം പ്രദാനം ചെയ്യുന്നതിന് പരിശീലനം ലഭിച്ച 500ൽ അധികം ജീവനക്കാർ ഇപ്പോൾ തന്നെ കമ്പനിക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ തിരുവനന്തപുരം തുടർ വിദ്യഭ്യാസ സെന്റർ കോർഡിനേറ്റർ ടി.സി.മേഴ്സി, ആദിത്യ എപിൻ സോളാർ എനർജി ആൻഡ് സിംഫണി ആർക്കിടെക്ച്ചർ മാനേജിംഗ് ഡയറക്ടർ ജയചന്ദ്രൻ രാഘവൻ, കേണൽ(റിട്ട) ജയഗണേഷ് കൃഷ്ണൻ കുട്ടി, എൻ.എസ്.എസ് കോളജ് മുൻ പ്രിൻസിപ്പാൾ ഡോ.വട്ടവിള വിജയകുമാർ, സതേൺ എം.സി.എസ് സെയിൽസ് മേധാവി ഷൈജു ജോൺ, സോണൽ മാനേജർ സുനിൽ കുമാർ, റീജിയണൽ മാനേജർ എസ്. വിജയകുമാർ എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി കെ.മുരളീധരൻ ചടങ്ങിന് ആശംസകൾ അർപ്പിച്ചതായും അധികൃർ അറിയിച്ചു.



# യമഹ കേരളത്തിലെ സാന്നിധ്യം ശക്തിപ്പെടുത്തുന്നു

**കണ്ണൂർ:** ഇന്ത്യ യമഹ മോട്ടോർ കേരളത്തിലുടനീളമുള്ള യമഹയുടെ റീട്ടെയിൽ സർവീസ് ശൃംഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി കണ്ണൂരിൽ പുതിയ ബ്ലൂ സ്ക്വയർ ഡീലർഷിപ്പായ വി മിറായ് ഓട്ടോ തുറന്നു.

യമഹയുടെ പ്രീമിയം ശ്രേണിയിലുള്ള മോട്ടോർസൈക്കിളുകളും സ്കൂട്ടറുകളും പ്രദർശിപ്പിക്കുന്ന 4,100 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വിൽപ്പന ഏരിയ ഈ സൗകര്യത്തിലുണ്ട്, കൂടാതെ 4,708 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സർവീസ്, സ്പെയർ സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു.

6 സർവീസ് ബേകളും 750 വാഹനങ്ങളുടെ പ്രതിമാസ സർവീസ് ശേഷിയുമുള്ള ഈ ഡീലർഷിപ്പ്, കാര്യക്ഷമമായ വിൽപ്പനാനന്തര പിന്തുണയും ഉയർന്ന നിലവാരമുള്ള ഉപഭോക്തൃ സേവനവും നൽകാൻ സജ്ജമാണ്.

യമഹയുടെ പ്രീമിയം റീട്ടെയിൽ ആശയത്തെ പ്രതിനിധീകരിക്കുന്ന ബ്ലൂ സ്ക്വയർ ഡീലർഷിപ്പ്, ബ്രാൻഡിന്റെ ഏറ്റവും പുതിയ മോട്ടോർസൈക്കിളുകളും സ്കൂട്ടറുകളും നേരിട്ട് കണ്ട് അനുഭവിച്ച് അറിയുന്നതിനുള്ള ഒരു ആഴത്തിലുള്ള അന്തരീക്ഷം ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നു. വാഹന വിൽപ്പനയ്ക്ക് പുറമേ, ഉപഭോക്താക്കൾക്ക് വൈവിധ്യമാർന്ന യഥാർത്ഥ യമഹ ആക്സസറികൾ, വസ്ത്രങ്ങൾ, സ്പെയർ പാർട്സ് എന്നിവയും ലഭിക്കും.

കണ്ണൂരിലെ ഈ വിപുലീകരണത്തിലൂടെ കേരളത്തിലെ ഉപഭോക്താക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്താനാണ് യമഹ ലക്ഷ്യമിടുന്നത്.

# ന്യൂജൻ പ്രേക്ഷകരെ ആകർഷിക്കാൻ സൺ നെക്സ്റ്റ് ഷോർട്സ് അവതരിപ്പിച്ച് സൺ നെറ്റ് വർക്ക്

**കൊച്ചി:** പ്രേക്ഷകരുടെ മാറിവരുന്ന ആസ്വാദന രീതിക്കനുസൃതമായി ദൃശ്യാനുഭവം പ്രദാനം ചെയ്യുന്നതിനായി സൺ നെറ്റ് വർക്ക് പുതിയ മൈക്രോഡ്രാമ പ്ലാറ്റ്ഫോമായ സൺ നെക്സ്റ്റ് ഷോർട്സ് അവതരിപ്പിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രേക്ഷകരെ മുന്നിൽ കണ്ടാണ് മൊബൈലിനും, ടെലിവിഷനും ഉപകരിക്കുന്ന സൺ നെക്സ്റ്റ് ഷോർട്സ് അപ്പ് അവതരിപ്പിച്ചരിക്കുന്നത്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ കഥപറയുന്ന രീതിയാണിത്. ഡിജിറ്റൽ തലമുറയിലെ പ്രേക്ഷകർക്കിടയിൽ അതിവേഗം വളരുന്ന മൈക്രോഎന്റർടെയ്ൻമെന്റ് മേഖലയിലേയ്ക്കു കൂടിയുള്ള കമ്പനിയുടെ ചുവടുവയ്പ്പാണിത്.

ഏതാനും മിറ്റികൾക്കുള്ളിൽ കഥയിലേയ്ക്ക് പ്രേക്ഷകരെ ആഴത്തിൽ ആകർഷിക്കാൻ കഴിയുന്ന ഹ്രസ്വ ആഖ്യാന രീതിയാണ് ഈ ഫോർമാറ്റിന്റെ പ്രത്യേകത. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രാദേശികതലത്തിൽ ഉരുത്തിരിയുന്ന കഥകൾ അവതരിപ്പിക്കുന്നതാണ് പ്ലാറ്റ്ഫോമിന്റെ അടിസ്ഥാന ലക്ഷ്യമെന്ന് അധികൃതർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു.

സൂര്യടിവിയിലെയും, സൺ നെറ്റ് വർക്കിലെയും ടെലിവിഷൻ സീരിയലുകൾ, ജനപ്രിയ സിനിമകൾ, മൊഴിമാറ്റം നടത്തിയ അന്താരാഷ്ട്ര ഷോർട്ടുകൾ, സൺനെറ്റ് വർക്കിന്റെ ഉടമസ്ഥതയിലുള്ള ഒറിജിനൽ സീരിസുകൾ എന്നിവ വേഗത്തിൽ ആസ്വദിക്കാവുന്ന ചെറിയ ദൈർഘ്യത്തെടെയുള്ള എപ്പിസോഡുകളായാണ് ഈ പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുക. പ്രേക്ഷകർ ഉപയോഗിക്കുന്ന മൊബൈൽ, ടെലിവിഷൻ, തുടങ്ങിയവയ്ക്ക് അനുസൃതമായ ഫോർമാറ്റിലാണ് പ്രേക്ഷേപണം ക്രമീകരിച്ചിരിക്കുന്നതെന്നും ദക്ഷിണേന്ത്യൻ ഭാഷകളിലെ ഷോർട്ട് ഫോം വിനോദത്തിന്റെ അവസാന വാക്കായി സൺ നെക്സ്റ്റ് ഷോട്സ് മാറുമെന്നും അധികൃതർ അവകാശപ്പെട്ടു.

# സാംസങ് സോൾവ് ഫോർ ടുമാറോ സെമിഫൈനലിസ്റ്റ് ടീമുകളെ പ്രഖ്യാപിച്ചു

**കൊച്ചി:** സാംസങ് ഇന്ത്യയുടെ അഞ്ചാം പതിപ്പായ 'സോൾവ് ഫോർ ടുമാറോ 2026' മത്സരത്തിന്റെ മികച്ച 40 സെമിഫൈനലിസ്റ്റ് ടീമുകളെ പ്രഖ്യാപിച്ചു. 15 സംസ്ഥാനങ്ങളിൽ നിന്നും 26 നഗരങ്ങളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട ഈ യുവ പ്രതിഭകളിൽ പകുതിയിലധികവും ടിയർ 2, ടിയർ 3 നഗരങ്ങളിൽ നിന്നുള്ളവരാണ്. കൃത്രിമ ബുദ്ധി, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി സുസ്ഥിരത, കായികം തുടങ്ങിയ മേഖലകളിലെ നൂതന ആശയങ്ങൾക്കാണ് ഇവർ രൂപം നൽകിയിരിക്കുന്നത്. കേരളത്തിലെ തൃശൂരിൽ നിന്നുള്ള അക്കോസ്റ്റിനോഡ് സിസ്റ്റംസ് അടക്കമുള്ള ടീമുകൾ ഇതിൽ ഉൾപ്പെടുന്നുണ്ട്.

സെമിഫൈനലിലെത്തിയ ഓരോ ടീമിനും പ്രോട്ടോടൈപ്പ് വികസനത്തിനായി പ്രത്യേക ധനസഹായവും സാംസങ് ലാപ്ടോപ്പുകളും ലഭിക്കും. സെപ്റ്റംബറിൽ ആരംഭിക്കുന്ന ഇന്നൊവേഷൻ ബൂട്ട്ക്യാമ്പിലും ഐ.ഐ.ടി ഡൽഹിയുടെ ഫിറ്റിന്റെയും നേതൃത്വത്തിൽ ഇവർക്ക് വിദഗ്ധ പരിശീലനവും മാർഗനിർദേശവും നൽകും. തുടർന്ന് നടക്കുന്ന മത്സരങ്ങളിൽ വിജയികളാകുന്ന മികച്ച 20 ടീമുകൾക്കും അവസാന ഘട്ടത്തിൽ കോടികളുടെ ഗ്രാന്റുകളും പ്രമുഖ സമ്മാനങ്ങളും സ്വന്തമാക്കാൻ അവസരമൊരുങ്ങും.

# ചിങ്ങം ഒന്നിന് സ്കോഡ 300ലധികം കാറുകൾ വിതരണം ചെയ്തു

**കൊച്ചി:** ചിങ്ങം ഒന്നിന് സ്കോഡ ഓട്ടോ ഇന്ത്യ കേരളത്തിലെ ഡീലർഷിപ്പ് ശൃംഖലയിലൂടെ 300ലധികം കാറുകൾ ഉപഭോക്താക്കൾക്ക് കൈമാറി. സംസ്ഥാനത്ത് സ്കോഡ നടത്തുന്ന ഏറ്റവും വലിയ ഉത്സവകാല വാഹന വിതരമാണിത്. കൊഡിയാക്ക്, കൈലാക്ക്, കുഷാക്ക് എന്നീ എസ്യുവികളും സ്ലാവിയ സെഡാനും ഉൾപ്പെടെയാണിത്. ജൂലൈ പകുതി മുതൽ ആഗസ്റ്റ് അവസാനം വരെ കേരള വിപണിക്കായി സ്കോഡ ഓട്ടോ ഇന്ത്യ പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ചിരുന്നു. ഇ.വി.എം മോട്ടോഴ്സ്, പി.പി.എസ് മോട്ടോഴ്സ്, ജെം ഫീനിക്സ് എന്നിവയുൾപ്പെടെയുള്ള തങ്ങളുടെ ഡീലർ പങ്കാളികൾ വഴി കേരളത്തിലെ 16 നഗരങ്ങളിലായി 24 ഉപഭോക്തൃ സമ്പർക്ക കേന്ദ്രങ്ങളോടെ ശക്തമായ സാന്നിധ്യമാണ് സ്കോഡ ഓട്ടോ ഇന്ത്യയ്ക്കുള്ളത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com